# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴിമണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.22/1629/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/07/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴിമണ്ണ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.22/1629/2025 തീയ്യതി: 23/07/2025

## മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-08-2024 മുതൽ 16-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശറഫ് പെരുമ്പള്ളി കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2025 | 26-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2025 | 26-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. രാമകൃഷ്ണൻ.ടി ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലത.ഒ.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സക്കീന.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഹസീന.സി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രജനി.പി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.സുനിൽ.ടി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 26-04-2024 |
| | | 08-07-2024 | 06-10-2024 |
| ശ്രീമതി.ഷംലി.ഐ.പി | സെക്രട്ടറി | 27-04-2024 | 07-07-2024 |
| | | 07-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽ.ടി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 19-10-2024 |
| ശ്രീ.പ്രമോദ് ശേഖർ | അസിസ്റ്റന്റ് സെക്രട്ടറി | 06-11-2024 | 31-03-2025 |
| ശ്രീ.മുഹമ്മദ് സജിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 01-05-2024 |
| ശ്രീ.ദീപക് | അസിസ്റ്റന്റ് എഞ്ചിനീയർ | 02-05-2024 | 13-10-2024 |
| ശ്രീ.ഷരീഫ്.കെ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 14-10-2024 | 10-01-2025 |
| ശ്രീമതി.അനുമോൾ.കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ് | 11-01-2025 | 31-03-2025 |
| ശ്രീ.സുമേഷ് വളരാടൻ | വി.ഇ.ഒ | 01-04-2024 | 31-03-2025 |
| ഡോ.ഗിസ്സ എം ജോസ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.സഫ്ന .കെ.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.തസ്നി മുഹമ്മദ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)) | 01-04-2024 | 05-02-2025 |
| ഡോ.സുബൈർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)) | 06-02-2025 | 31-03-2025 |
| ശ്രീമതി.നസ്സിയ | കൃഷി ഓഫീസർ | 01-04-2024 | 16-12-2024 |
| ശ്രീമതി.ഇസ്സ കരിമ്പൻ | കൃഷി ഓഫീസർ | 17-12-2024 | 31-03-2025 |
| ശ്രീമതി.പാത്തുമ്മ.ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 27-04-2024 |
| ശ്രീമതി.ബിന്ദു.എൻ | ഐ.സി.ഡി.എസ് | 03-08-2024 | 11-08-2024 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി.ഷാനി ജെസ്റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-08-2024 | 31-03-2025 |
| ശ്രീമതി. അഞ്ജുഷ. ടി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 28-04-2024 | 02-08-2024 |
| ശ്രീ. ബഷീർ. പി.എം. | ഹെഡ് ക്ലർക്ക് (അസിസ്റ്റന്റ് സെക്രട്ടറി) | 20-10-2024 | 05-11-2024 |
| ശ്രീമതി. ഉഷ. എം. | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-1 |
| 3 | Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-3 |
| 5 | Contracters Security Deposit -വിവരം രേഖപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | വികസനഫണ്ട് (ജനറൽ) ഇനത്തിൽ തുക വ്യത്യാസം | 1-1-5 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ആകെ ചെലവിനത്തിൽ തുക വ്യത്യാസം | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെമെന്റ് പത്രിക പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി (MGNREGS) | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും-അവലോകനം | 1-11 |
| 18 | ജലജീവൻ പദ്ധതി- അവലോകനം | 1-12 |
| 19 | തൊഴിൽ നികുതി - അപാകതകൾ | 1-13 |
| 20 | ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-14 |
| 21 | കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-15 |
| 22 | ഹോമിയോ -മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-16 |
| 23 | ഹോമിയോ-ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിൽ എടുത്തിട്ടില്ല | 1-17 |
| 24 | പദ്ധതികളുടെ മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-18 |
| 25 | തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ- സിമന്റിന് അധിക നിരക്ക് നൽകി.അധികത്തുക തിരികെ ഈടാക്കേണ്ടതാണ്. | 1-19 |
| 26 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കൃഷി നടീൽ ഉൽപന്നങ്ങൾ വാങ്ങി | 1-20 |
| 27 | എസ്.സി വിദ്യാർഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ : അപാകതകൾ | 1-21 |

| | | |
|---|---|---|
| 28 | യാത്രാ ബത്ത അനുവദിക്കുന്നതിലെ അപാകതകൾ | 1-22 |
| 29 | ബയോബിന്നുകൾ - സ്റ്റോക്ക് /വിതരണ വിവരം ലഭ്യമല്ല | 1-23 |
| 30 | ഭവനനിർമാണത്തിനായി തുക കൈപറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഭവനനിർമാണം ആരംഭിച്ചില്ല. | 1-24 |
| 31 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക നൽകൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-25 |
| 32 | മാർഗരേഖ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 1-26 |
| 33 | പി.എച്ച്.സിയിലേക്കുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായില്ല | 1-27 |
| 34 | മെൻസ്ട്രുവൽ കപ്പ് വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-28 |
| 35 | പാലിയേറ്റീവ് -വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല. | 1-29 |
| 36 | ഭൂജല വകുപ്പിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തു. വിനിയോഗ / പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-30 |
| 37 | കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കി- ബഡ്സ് സ്ക്കൂൾ നാളിതു വരെ ആരംഭിച്ചിട്ടില്ല | 1-31 |
| 38 | കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ- അപാകത | 1-32 |
| 39 | എസ്.എസ്.കെ. വിഹിതം നൽകി- വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-33 |
| 40 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു. | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം . | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.05.2025 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 23-7-25

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-2 Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

### 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (1,09,44,098)ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും(4,01,30,397) തുല്യമല്ല.

### 1-1-4 Contracters Security Deposit -വിവരം രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ Contracters Security Deposit ഇനത്തിൽ 15,600രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ തുകയുടെ വിശദവിവരം രേഖപ്പെടുത്തിയിട്ടില്ലത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

### 1-1-5 വികസനഫണ്ട് (ജനറൽ) ഇനത്തിൽ തുക വ്യത്യാസം

വികസനഫണ്ട് (ജനറൽ) ഇനത്തിൽ ആകെ ചെലവ് സുലേഖ സ്റ്റേറ്റുമെന്റ് , ഗ്രാന്റ് സ്റ്റേറ്റുമെന്റ് എന്നിവ പ്രകാരം 1,99,10,813 രൂപ, എന്നാൽ ആയത് വാർഷിക കണക്ക് പ്രകാരം 2,00,90,813 രൂപ വ്യത്യാസം 1,80,000 രൂപ. വ്യത്യാസത്തിന് കാരണം അറിയിക്കേണ്ടതാണ്.

### 1-1-6 ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ആകെ ചെലവിനത്തിൽ തുക വ്യത്യാസം

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ആകെ ചെലവു തുക സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം 85,01,498 രൂപ എന്നാൽ ആയത് വാർഷിക കണക്ക് പ്രകാരം 86,85,793 രൂപ(45,59,838 + 41,25,955 ).വ്യത്യാസം 1,84,295 രൂപ

## 1-2 ബജറ്റ്

| 2024-25ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024-25ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1/09.02.2024 | 1/07-03-2025 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെമെന്റ് പത്രിക പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 6,50,64,775 |
| വരവ് | 6,85,49,308 |
| ആകെ | 13,36,14,083 |
| ചെലവ് | 5,76,05,210 |
| നീക്കിയിരിപ്പ് | 7,60,08,873 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,06,47,704 | 2,06,47,704 | 1,81,76,517 | 24,71,187 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 72,81,307 | 72,81,307 | 71,86,719 | 94,588 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1,57,04,000 | 1,57,04,000 | 1,16,83,563 | 40,20,437 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 1,77,65,000 | 1,77,65,000 | 1,23,10,027 | 54,54,973 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,10,01,929 | 1,10,01,929 | 61,82,704 | 48,19,225 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 43,08,363 | 43,08,363 | 27,46,801 | 15,61,562 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 416 | 165159150 | 270 | 90836002 | 0 | 146 | 64.9% |

കുറിപ്പ് :-

അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 479/25 എന്ന നമ്പറിലും, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്ന ഇനത്തിൽ 481/25, 483/25 എന്നീ നമ്പറുകളിലും ,ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 482/25, 480/25 എന്നീ നമ്പറുകളിലുമായിമായി തൻവർഷത്തിൽ ആകെ ₹2944989/- സോഴ്സ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രോജക്ടുകളുടെ അടങ്കൽ കൂടെ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി (MGNREGS)

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവ് | 0 | 1592464 | 1592464 | 1311641 | 280823 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 0 | 32886216 | 32886216 | 32886216 | 0 |
| ആകെ | 0 | 3,44,78,680 | 3,44,78,680 | 3,41,97,857 | 280823 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5841200 | 386 |
| വിധവാപെൻഷൻ | 16445400 | 1057 |
| വാർദ്ധക്യകാലപെൻഷൻ | 31712500 | 2175 |
| വികലാംഗപെൻഷൻ | 7548100 | 484 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 516400 | 33 |
| ആകെ | 62063600 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2025 ന് 2.35 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17846/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1. ഹെഡ്മാസ്റ്റർ, അസി. സെക്രട്ടറി എന്നീ നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം, ലൊക്കേഷൻ എന്നിവ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ടർഫുകൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല.
4. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് മോണിറ്ററിംഗ് നടത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.06.2022 | 01/2022-05/2022 | 20.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2011 | 2009-10 | 12.05.2011 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി കുഴിമണ്ണ ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

2021-22 മുതൽ നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| വർഷം | സ്കീം-1 | സ്കീം-3 | സ്കീം-4 |
|---|---|---|---|
| 2021-22 | 0 | 0 | 0 |
| 2022-23 | 0 | 234733 | 135000 |
| 2023-24 | 2755000 | 1088000 | 445000 |
| 2024-25 | 0 | 454000 | 709000 |
| **ആകെ** | **2775000** | **1776733** | **1289000** |
| പലിശയുൾപ്പെടെ അക്കൗണ്ടിലുള്ള ബാലൻസ് | 74511 | 674431 | 730478 |

ഓരോ സ്കീമിലും നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| വർഷം | സ്കീം-1 Health Grant Towards Buildingless Subcenters, PHCs & CHCs | സ്കീം-3 Health Grant Towards Support For Diagnostic Infrastructure To The PHCs | സ്കീം-4 Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | |
| 2022-23 | 0 | 77931 | 0 | |
| 2023-24 | 0 | 713361 | 114495 | |
| 2024-25 | 2775000 | 340495 | 463097 | |
| **ആകെ** | **2775000** | **1131787** | **577592** | |

കുറിപ്പ് : ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

നാളിതു വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം.

| വർഷം | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 2022-23 | 304/23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 164001 | |
| | 305/23 | ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ | 123905 | |
| 2023-24 | 317/24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 3638 | |
| | 340/24 | ആരോഗ്യ ഉപകേന്ദ്രങ്ങളിലും എഫ്.എച്ച്.സി.കളിലും ആവശ്യമായ ഉപകരണങ്ങളും ലാബ് റീയേജന്റുകളും വാങ്ങൽ | 741326 | |
| | 341/24 | ആരോഗ്യ ഉപകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കലും ആരോഗ്യ ബോധവൽക്കരണം നടത്തലും | 10752 | |
| | 342 | FWC പുളിയക്കോട് കെട്ടിട നിർമ്മാണം | 1175018 | |
| 2024-25 | 384 | ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ | 9244 | |
| | 385 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 58286 | |
| | 387 | ആരോഗ്യ ഉപകേന്ദ്രങ്ങളിലും എഫ്.എച്ച്.സി.കളിലും ആവശ്യമായ ഉപകരണങ്ങളും ലാബ് റീയേജന്റുകളും വാങ്ങൽ | 282209 | |
| | 386 | ആരോഗ്യ ഉപകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കലും ആരോഗ്യ ബോധവൽക്കരണം നടത്തലും | 440283 | |
| | 462 | ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ | 13570 | |

| | | | | |
|---|---|---|---|---|
| | 420 | FWC പുളിയക്കോട് കെട്ടിട നിർമ്മാണം-പൂർത്തീകരണം | 1599982 | |

പുളിയക്കോട് ഫാമിലി വെൽഫയർ സെന്റർ നിർമ്മാണം




*പുളിയക്കോട് ഫാമിലി വെൽഫയർ സെന്റർ (FWC)*

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നിർമ്മിക്കുന്ന പുളിയക്കോട് ഫാമിലി വെൽഫയർ സെന്റർ (FWC) ന്റെ നിർമ്മാണം പാതി വഴിയിലാണ്. 55,50000 രൂപയാണ് കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക. 3.1.2024 ന് കരാറുകാരനുമായി എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിച്ചു. നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ വർക്ക് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. രണ്ട് പാർട്ട് ബില്ലുകളിലായി മൊത്തം 28,13,942 രൂപയുടെ ബില്ല് സമർപ്പിച്ചിട്ടുണ്ട്. കരാറുകാരന് നൽകിയതും നികുതി തുകയുമുൾപ്പെടെ മൊത്തം 2775000 രൂപയാണ് സ്കീം-1 ൽ നിന്ന് ചെലവഴിച്ചിട്ടുള്ളത്. ലഭ്യമായ ഫണ്ട് 100% ഉം വിനിയോഗിച്ചിട്ടുണ്ടെന്നും ഇനിയും ഫണ്ട് ലഭ്യമായാൽ മാത്രമേ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളുവെന്നും ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി

ദിനം പ്രതി 400 ഓളം രോഗികൾ Morning & Evening ഒ.പി.യിലായി കുടുംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സക്കായി എത്തുന്നുണ്ട്. 4 ഡോക്ടർമാർ ഉൾപ്പെടെ 38 സ്റ്റാഫുകളുണ്ട്. (എൻ.എച്ച്.എം.സ്റ്റാഫ് ഉൾപ്പെടെ) . കൂടാതെ 2 പാലിയേറ്റീവ് യൂണിറ്റുകളുമുണ്ട്. Fully Automatic Machine ഉള്ളത് കൊണ്ട് ലാബിൽ ഒരേ സമയം തന്നെ കൂടുതൽ രോഗ നിർണ്ണയങ്ങൾ നടത്താൻ സൗകര്യമുണ്ട്. അത് കൊണ്ട് തന്നെ ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുക രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രി വഴി പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കുന്നുണ്ട്. ഗ്രാന്റിനത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം ലഭിച്ച തുകയും അക്കൗണ്ടിൽ ലഭിച്ച പലിശയും മാത്രമാണ് ചെലവഴിക്കാതെ അവശേഷിക്കുന്നത്.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രോജക്ടുകൾ പൊതുവെ തൃപ്തികരമായി നടപ്പാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ജലജീവൻ പദ്ധതി- അവലോകനം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റ് സമയത്ത് ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പരിശോധനാ വിധേയമാക്കി. കേരള വാട്ടർ അതോറിറ്റി മുഖേനയാണ് ഗ്രാമ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. പരിശോധനാ വിവരം ചുവടെ ചേർക്കുന്നു.

2024 വർഷത്തോട് കൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര- സംസ്ഥാന വിഹിതം 50:50 ആണ്. സംസ്ഥാന വിഹിതത്തിന്റെ പകുതി തദ്ദേശ ഭരണ സ്ഥാപനവും ഗുണഭോക്താക്കളും വഹിക്കണം. തദ്ദേശ ഭരണ സ്ഥാപന വിഹിതം- 15% ഉം 10% ഗുണഭോക്തൃ വിഹിതവുമാണ്.

**1. തുക വകയിരുത്തൽ/ വാട്ടർ അതോറിറ്റിക്ക് കൈമാറൽ**

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ വിഹിതം 15% ഗുണഭോക്തൃ വിഹിതമായ 10% എന്നിവ വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് 2021-22 വർഷം മുതൽ 2024-25 വർഷം വരെ ജലജീവൻ പദ്ധതിക്കായി ചുവടെ ചേർത്തിട്ടുള്ള വിധം തുക വകയിരുത്തിയിട്ടുണ്ട്.

| വർഷം | തുക | പ്രോജക്ട് നം. |
|---|---|---|
| 2021-22 | 700000 | 220/22 |
| 2022-23 | 800000 | 212/23 |
| 2023-24 | 500000 | 129/24 |
| 2024-25 | 200000 | 124/25 |

എന്നാൽ വകയിരുത്തിയ തുക നാളിതു വരെയും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തുക അടവാക്കുന്നതിന് ഇന്റിമേഷൻ/ അറിയിപ്പ് ലഭിക്കാത്തതിനാലാണ് തുക അടവാക്കാത്തത് എന്ന മറുപടിയാണ് ഇത് സംബന്ധിച്ച് നൽകിയ3/2024-25/17.6.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

2. പദ്ധതിയുടെ പുരോഗതി വിവരം.

ഗ്രാമ പഞ്ചായത്തിൽ നിലവിൽ കുടിവെള്ളം ലഭിക്കുന്ന ചീക്കോട് കുടിവെള്ള പദ്ധതിയുടെ ചുള്ളിക്കോട് എന്ന സ്ഥലത്തുള്ള ടാങ്കും പൈപ്പ് ലൈനുമടക്കമുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് ജൽജീവൻ പദ്ധതി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്നത്. ആകെ 5548 ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ കണക്ഷൻ ആവശ്യമുള്ളത്. ആയതിൽ 3802 ഹൗസ് കണക്ഷനുകൾ നിലവിൽ നൽകിയിട്ടുണ്ടെങ്കിലും പകുതിയോളം കണക്ഷനുകളിൽ മാത്രമാണ് നിലവിൽ വെള്ളം ലഭിക്കുന്നുള്ളൂ. ഗ്രാമ പഞ്ചായത്തിലെ 2,10,12 എന്നീ വാർഡുകളിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നുവെന്നും ആയത് പൂർത്തിയാകുന്നതോടെ എല്ലാ ഗുണഭോക്താക്കൾക്കും വെള്ളം ലഭ്യമാകുമെന്നും ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണമായി ഫലപ്രാപ്തി കൈവരിക്കുന്നതിന് ഭരണസമിതിയുടെ നേതൃത്വപരമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്.

## 1-13 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ 2024-25 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 15 കരാറുകാർ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട് . മേൽ കരാറുകാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന അലോഹ ഹെൽത്ത് കെയർ ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം അഞ്ച് ഡോക്ടർമാർ ഉൾപ്പെടെ 20 ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററിൽ മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണ്. 2024-25 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സ്ഥാപനത്തിന് നോട്ടീസ് നൽകുകയോ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തതായി കാണുന്നില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.അപാകത ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14/2024-25/24.06.25) മേൽ ഹോസ്പിറ്റൽ ജീവനക്കാരിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതിയീടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തൊഴിൽ നികുതിയീടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-14 ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

GO(P)No. 25/2023/LSGD തിയ്യതി 05.04.2023 -ലെ ക്രമ നമ്പർ 6d പ്രകാരം ടർഫുകൾക്ക് വസ്തു നികുതി ചുമത്തേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയതായി കാണുന്നില്ല. എന്നാൽ പ്രദേശികമായ അന്വേഷണത്തിൽ പഞ്ചായത്തിലെ താഴെ പറയുന്ന പ്രദേശങ്ങളിൽ ടർഫുകൾ പ്രവർത്തിക്കുന്നതായി അറിയാൻ കഴിഞ്ഞു. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 19.06.2023 ലെ B1 -3682/2023 നമ്പർ വിജ്ഞാപനത്തിൽ ടർഫുകൾക്ക് 25 രൂപ അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്.

1.ആക്ക പറമ്പ് കണ്ണാടി പറമ്പ് റോഡ്-വാർഡ് 6

2.കിഴിശ്ശേരി -മൊറയൂർ റോഡ് തുടക്ക ഭാഗം

3. മഞ്ചേരി റോഡ് പൊക്കനാലിൽ

മേൽ ടർഫുകൾക്ക് വസ്തു നികുതിയീടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/24-25/25.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ ടർഫുകൾക്ക് വസ്തു നികുതി നിർണയിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകനു നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും സംബന്ധിച്ച രേഖകളും വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/24-25/ 24.06.2025) കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കുന്നതിനായി തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളെ ഏൽപിക്കുകയും ,ആയതു പ്രകാരം 1631 കെട്ടിടങ്ങളുടെ ഡാറ്റ ശേഖരിക്കുകയും ഫീൽഡ് തല പരിശോധനയ്ക്ക് വേതനം കുറവാണെന്ന് പറഞ്ഞ് നിർത്തി വെക്കുകയും ചെയ്തിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി.കൂടാതെ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് തല പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കുന്നതിന് ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപിക്കുന്നതിന്റെ പ്രാരംഭ നടപടികൾക്കായി പദ്ധതിയിൽ 500000/- രൂപ വകയിരുത്തുകയും ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും വിവരശേഖരണ നടപടികൾ പൂർത്തീകരിച്ച് അധിക നിർമ്മാണം കണ്ടെത്തിയ കെട്ടിടങ്ങളുടെ മേൽ തുടർനടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഹോമിയോ -മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ, (ഹോമിയോ) നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി പ്രകാരം, മരുന്നുകൾ ലഭ്യമാക്കുന്നതിനായി HOMCO എന്ന സ്ഥാപനത്തിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെക്ക്/ബിൽ നം./തി | തുക | ഫണ്ട് |
|---|---|---|---|
| 135/25 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | BRN: 24151052038000812722/ 23.10.2024 | 400000 | MG NR |

PF 307/25.09.24 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ടി തുക ഒടുക്കിയതിനെ തുടർന്ന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും LF-430/19.06.2025 ഇൻവോയ്സ് മുഖേന 269742 രൂപയുടെ മരുന്നാണ് ലഭിച്ചിട്ടുള്ളത്. 130258 രൂപയുടെ മരുന്ന് ലഭ്യമാകാനവശേഷിക്കുന്നുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ-04/24-25/ 23.06.2025 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഹോമിയോ-ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിൽ എടുത്തിട്ടില്ല

1.പ്രൊജക്ട്: 138/25 (ആയുർവ്വേദ ആശുപത്രിയിലേക്ക് വാട്ടർ പ്യൂരിഫയർ)

അടങ്കൽ: 50000 ( ധനകാര്യ കമ്മീഷൻ )

ചെലവ്: 48900 ( ധനകാര്യ കമ്മീഷൻ)

വൗച്ചർ നം: 22401449/26.03.25 തുക 48900

2.പ്രൊജക്ട്: 137/25 (ആയുർവ്വേദ ആശുപത്രിയിലേക്ക് ഇൻവർട്ടർ അനുബന്ധ പ്രവർത്തികൾ )

അടങ്കൽ: 50000 ( MG(NR) )

ചെലവ്: 49800 ( MG(NR) )

ബിൽ നം: 24151052038001439277/06.03.25-49800

മെഡിക്കൽ ഓഫീസർ, (ഹോമിയോ) നിർവഹണം നടത്തിയ മേൽ പ്രൊജക്ടുകൾ പ്രകാരം, ആയുർവ്വേദ ആശുപത്രിക്ക്

ജെം വഴി വാങ്ങി നൽകിയ വാട്ടർ പ്യൂരിഫയർ, ഇൻവർട്ടർ എന്നീ ഉപകരണങ്ങൾ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തത് സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയോ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഉപകരണങ്ങൾ നഷ്ടപ്പെടുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല.
അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/24-25/23.06.2025) ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയെങ്കിലും രേഖപ്പെടുത്തലുകൾ വരുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 പദ്ധതികളുടെ മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കല് തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തെ പദ്ധതികൾ ചർച്ച ചെയ്യുന്നതിന് മാത്രമാണ് യോഗം (30.12.2024,18-01-24) ചേർന്നിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുക മാത്രമാണ് മേൽ യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമകൾ നിർവ്വഹിക്കാത്തതിനാൽ കാര്യക്ഷമമായ പദ്ധതി മോണിറ്ററിംഗിന്റെ അഭാവം ഉണ്ടായിട്ടുള്ളതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും അതു വഴി ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-19 തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ- സിമന്റിന് അധിക നിരക്ക് നൽകി.അധികത്തുക തിരികെ ഈടാക്കേണ്ടതാണ്.

2024-25 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടത്തി വെണ്ടർമാരിൽ നിന്നും ഒരു ചാക്ക് സിമന്റിന് 651.20 രൂപ നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ 375/- മുതൽ 410/- രൂപവരെയാണ് ഒരുചാക്ക് സിമന്റിന് വിവിധ ബ്രാന്റുകളുടെ മാർക്കറ്റ് വില.

MGNRGA -യുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് SECURE എന്ന സോഫ്റ്റ്‌വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് (Rs. 13024 രൂപ/ടൺ) വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിന് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവു എന്നും MGNRGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ നിർദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിന് യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്. മാത്രമല്ല, പരമാവധി ഒരുചാക്കിന് 430/- രൂപയാണ് നിരക്ക് എന്നും വ്യക്തമാക്കിയിട്ടുണ്ട്.
എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ SECURE സോഫ്റ്റ്‌വെയറിൽ ഉള്ള നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് കോൺക്രീറ്റ് പ്രവൃത്തികളിലേക്ക് ആവശ്യമായ സിമന്റ് വാങ്ങിയിട്ടുള്ളത്. ആയത് മൂലമുണ്ടായിട്ടുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ വിവരം | സിമന്റിന്റെ അളവ് (Tonne/ Bag) | സിമന്റ് വാങ്ങിയതിന് നൽകിയ തുക | സിമന്റ് വാങ്ങിയതിന് നൽകാവുന്ന പരമാവധി തുക | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | ഒരു Tonne / ഒരു ചാക്ക് -ന്റെ വില | ആകെ | ഒരു Tonne / ഒരു ചാക്ക് -ന്റെ വില | ആകെ | |
|---|---|---|---|---|---|---|---|
| 1 | ഉള്ളാർ മണ്ണിൽ ചെമ്മിണിക്കര റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ -മുഹമ്മദ് ഷാഫി എ കെ<br>വിറയാലുങ്ങൽ വീട്<br>മുതപറമ്പ്,മുഉവല്ലൂർ പി ഒ<br>വാർഡ്-12<br>എം ബുക്ക്നമ്പർ-171/23-24<br>0121EATPAYREQ0309202416131/20-11-24 | 15.8/316bag | 8800/440 | 139040 | 8600/430 | 135880 | 3160 |
| 2 | പടിക്കലപ്പറമ്പ് കുട്ടാപറമ്പ് റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ -റഷീദ് യു<br>വള്ളിക്കുന്നത്ത് -വീട്<br>നീരുട്ടിക്കൽ<br>വാർഡ്-7<br>എം ബുക്ക്നമ്പർ-67/23-24<br>0121EATPAYREQ12022025161231/12-02-25 | 15.87/317.4bag | 8800/440 | 139656 | 8600/430 | 136482 | 3174 |
| 3 | പുല്ലഞ്ചേരി വിഷ്ണക്ഷേത്രം റോഡ് കൾവേർട്ട് നിർമ്മാണം<br>കരാറുകാരൻ -അബ്ദുന്നാസർ എം പി<br>വടക്കയിൽ -വീട്<br>മുണ്ടംപറമ്പ്<br>വാർഡ്-13<br>എംബുക്ക് നമ്പർ-213/22-23<br>021EATPAYREQ2102202516718/21-02-25 | 10.0585/201.17bag | 13022.6976/651 | 130961 | 8600/430 | 86503 | 44458 |
| 4 | പള്ളിപ്പടി പോത്തുംകരക്കണ്ടി റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ -അബ്ദുന്നാസർ എം പി<br>വടക്കയിൽ -വീട്<br>മുണ്ടംപറമ്പ്<br>വാർഡ്-3<br>എം ബുക്ക് നമ്പർ-68/23-24<br>021EATPAYREQ3107202416329/20-11-24 | 16.14/322.8bag | 8800/440 | 142032 | 8600/430 | 138804 | 3228 |
| 5 | മാങ്കാവ് ഭജന മഠം റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ -റഷീദ് യു<br>വള്ളിക്കുന്നത്ത് -വീട്<br>നീരുട്ടിക്കൽ<br>എം ബുക്ക് നം 119/2023-24<br>വാർഡ്=17<br>021EATPAYREQ310702416313/20-11-24 | 16.56/331.2bag | 10800/540 | 178848 | 8600/430 | 142416 | 36432 |
| 6 | പാറമ്മൽ ആക്കത്തോട് റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- റഷീദ് യു<br>വള്ളിക്കുന്നത്ത് -വീട്<br>നീരുട്ടിക്കൽ<br>W=18<br>എം ബുക്ക് നം 239/2023-24<br>021EATPAYREQ3107202416293/20-11-2024 | 11.52/230.4bag | 10800/540 | 1,24,416 | 8600/430 | 99,072 | 25,344 |
| 7 | ഞാറ്റുവെട്ടിയിൽ അംഗൻവാടി ഫൂട്ട് പാത്ത് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- അബ്ദുന്നാസർ .എം പി<br>വടക്കയിൽ -വീട്<br>മുണ്ടംപറമ്പ്<br>W=5<br>എം ബുക്ക് നം 208(1)/2023-24<br>021EATPAYREQ310720241629/20-11-2024 | 16.07/321.4bag | 10800/540 | 173556 | 8600/430 | 138202 | 35354 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | താനാരി കങ്ങാടി റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ -ഫൈസൽ പൂവത്തിങ്ങൽ<br>മങ്ങാട്ടയിൽ വീട്<br>ആലിൻചുവട്<br>കുഴിമണ്ണ<br>വാർഡ്-15<br>എം ബുക്ക് നം 223/2023-24<br>0121EATPAYREQ3107202416340/20-11-24 | 16.75/335bag | 8800/440 | 147400 | 8600/430 | 144050 | 3350 |
| 9 | കിഴിശ്ശേരി പെരുന്തായത്ത് റോഡ് കോൺക്രീറ്റിംഗ്<br>വാർഡ്-1<br>എം ബുക്ക് നം 209/2023-24<br>0121EATPAYREQ110220251161096/11-02-25<br>കരാറുകാരൻ -മുഹമ്മദ് ഫവാസ് കെ<br>കൊട്ടക്കാട്ട് വീട്<br>പുളിയക്കോട് പി ഒ<br>കടുങ്ങല്ലൂർ | 12.85/257bag | 8800/440 | 113080 | 8600/430 | 110510 | 2570 |
| ആകെ | | | | | | | 1,57,070 |

വെണ്ടർമാർക്ക് 1,57,070/-രൂപ അധികം നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറിക്ക് (നം.16/ 24.06.25,30/26.06.25)അധികം നൽകിയ തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.അധികം നൽകിയ തുക വെണ്ടർമാരിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കൃഷി നടീൽ ഉൽപന്നങ്ങൾ വാങ്ങി

2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം കൃഷി നടീൽ ഉൽപന്നങ്ങൾ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ , തൈകൾ എന്നിവ വാങ്ങൽ നടത്തേണ്ടത്. ഈ കാറ്റഗറിയിൽപ്പെടുന്ന അരീക്കോട് ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നുമാണ് 2024-25 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടു പ്രകാരമുള്ള വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് നം | വാങ്ങലിന്റെ വിവരം | ചെലവ് വിവരം | കുറിപ്പ് |
|---|---|---|---|
| 107/25 | കുടുംബശ്രീക്ക് പച്ചക്കറി തോട്ടം അടങ്കൽ തുക 333122/- | പൊതുവിഭാഗം -സാധാരണ വിഹിതം 318870/-രൂപ -ആകെ ചെലവ്<br>BRN24151052037601329932/14-02-25 പച്ചക്കറിതൈകൾ വാങ്ങിയതിന് ചെലവഴിച്ച തുക -268620/- | ഇത് പ്രകാരം അരീക്കോട് ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ, കുഴിമണ്ണയിൽ നിന്നും ഇൻവോയിസ് നം. 785/05.02.25 പ്രകാരം 2.5രൂപ നിരക്കിൽ 107448 എണ്ണം പച്ചക്കറിതൈകൾ 268620/-രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.<br>വാങ്ങൽ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. |
| 459/25 | സ്കൂളുകൾക്കും സ്ഥലമുള്ള അംഗൻവാടികൾക്കും പച്ചക്കറി തൈ | BRN24151052037601247039/29-01-25<br>180000/-രൂപ<br>പൊതുവിഭാഗം -സാധാരണ വിഹിതം | ഇത് പ്രകാരം അരീക്കോട് ബ്ലോക്ക് അഗ്രോ സർവ്വീസ് |

| | | | |
|---|---|---|---|
| | നൽകൽ<br>അടങ്കൽ തുക<br>1,80,000/- | | സെന്റർ, കുഴിമണ്ണയിൽ നിന്നും ഇൻവോയിസ് നം. 779/24.01.25 പ്രകാരം 2.5രൂപ നിരക്കിൽ 72000എണ്ണം പച്ചക്കറിതൈകൾ 180000/-രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.<br>വാങ്ങൽ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. |

വാങ്ങലിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (8/24-06-25)ക്ക് സമയബന്ധിതമായി പ്രോജക്ട് തീർക്കേണ്ടതിനാൽ ടെണ്ടർനടപടിക്രമങ്ങൾ പാലിക്കാൻ വിട്ട്പോയതാണെന്നും ഭാവിയിൽ അപാകത ആവർത്തിക്കില്ല എന്ന മറുപടിയുമാണ് ലഭ്യമാക്കിയിട്ടുള്ളത് . സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിന് മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച ₹ 4,48,620/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. മേൽ വാങ്ങൽ സാധൂകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കുകയോ, സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാരിൽ നിന്ന് സാധൂകരണം നേടുകയോ ചെയ്യേണ്ടതാണ്.

## 1-21 എസ്.സി വിദ്യാർഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ : അപാകതകൾ

ഫണ്ട് – തനത്

അടങ്കൽ – 6 ലക്ഷം

വൗച്ചർ നം 22301299/29.3.25, 560500/-

വൗച്ചർ നം. 22301309/29.3.25, 9500/-

അസി. സെക്രട്ടറി ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്. സി വിദ്യാർഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ (117/25)എന്ന പ്രൊജക്ട പ്രകാരം, ടെണ്ടർ നടപടിക്രമം പാലിച്ച് ഫർണീച്ചറുകൾ വാങ്ങിയതിന് ആർട്കോ കോഴിക്കോടിന് 570000രൂപ നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 120മേശയും 120 കസേരയും വാങ്ങിയതിന്റെ വിശദാംശങ്ങളാണ് താഴെ ചേർക്കുന്നത്.മേശയും കസേരയും ഉൾപ്പെടെ 4750 രൂപയാണ് യൂണിറ്റ് വില .

ഇൻവോയ്സ് നം . Kkd 571, 572/10.3.25

| ഇനം | എണ്ണം | ആകെ തുക |
|---|---|---|
| കസേര | 120*1500 | 180000 |
| മേശ | 120*3250 | 390000 |
| | | 570000 |

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)മേൽ പറഞ്ഞ ഫർണീച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ത. സ്വ.ഭ. വകുപ്പിന്റെ 28.5.2022ലെ സ.ഉ(കൈ)115/2022 നം പതിനാലാം (പദ്ധതി) സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.6 പ്രകാരം സ്കൂളുകളിൽ നിന്നും ലഭിയ്ക്കുന്ന വിദ്യാർഥികളുടെ ലിസ്റ്റ് പ്രകാരം ഫർണീച്ചറുകൾ വാങ്ങി, സ്കൂൾ അധികൃതർ മുഖേന മാത്രമേ ഫർണീച്ചറുകൾ വിതരണം ചെയ്യാൻ പാടുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതുപോലെ 7.2.7പ്രകാരം ഒരു വിദ്യാർഥിയ്ക്ക് പഠനകാലയളവിൽ ഒരിയ്ക്കൽ മാത്രമേ ആനുകൂല്യം നൽകാവൂ എന്ന നിബന്ധന പാലിയ്ക്കപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)മേശയും കസേരയും വിതരണം ചെയ്തതിന്റെയും കൈപ്പറ്റിയതിന്റെയും വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

4) പ്രൊജക്റ്റിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമാക്കിയില്ല. മേൽ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 യാത്രാ ബത്ത അനുവദിക്കുന്നതിലെ അപാകതകൾ

ധനകാര്യ വകുപ്പിന്റെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്കുള്ള 15.02.2024ലെ 2629474/വ്യയം -സി1/104/2023 ധന നമ്പർ സ്പഷ്ടീകരണ കത്ത് പ്രകാരം സർക്കാർ വകുപ്പ് തല ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായി വാഹനം ഓടിക്കുമ്പോൾ യാത്രാബത്ത അനുവദനീയമല്ല. എന്നാൽ സർക്കാർ വാഹനം ദീർഘ ദൂരം ഓടിക്കേണ്ടി വരുമ്പോൾ ഹാൾട്ട് വരുന്ന അവസരങ്ങളിൽ മാത്രമെ യാത്രാബത്ത അനുവദിനീയമായിട്ടുള്ളൂ. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ ചെലവിനങ്ങൾ പരിശോധിച്ചപ്പോൾ, വൗച്ചർ നമ്പർ - 22401386/21-03-2025 പ്രകാരം പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം ഓടിക്കുന്നതിന് നിയോഗിക്കപ്പെട്ട ഡ്രൈവർ 8km ന് മുകളിൽ ദൈനം ദിന ജോലിയുടെ ഭാഗമായി ചെയ്ത എല്ലാ യാത്രകൾക്കും യാത്രാ ബത്ത ക്ലെയിം ചെയ്യുകയും അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | യാത്രാതീയ്യതി & യാത്രാ സമയം | യാത്ര ചെയ്തസ്ഥലം | യാത്രാ ദൂരം |
|---|---|---|---|
| 1 | 2.07.2024<br>10am-5pm | അരീക്കോട് ബ്ലോക്ക് ഓഫീസ് | 10km |
| 2 | 09.07.24<br>10.30am-1.Pm | അരീക്കോട് ബ്ലോക്ക് ഓഫീസ് | 10km |
| 3 | 22.08.24<br>9am-11.30am | എടവണ്ണ ഗ്രാമപഞ്ചായത്ത് | 14.9km |
| 4 | 30.08.24<br>10.30am-2pm | അരീക്കോട് ബ്ലോക്ക് ഓഫീസ് | 10km |
| 5 | 13.09.24<br>12.Pm-1.30pm | അരീക്കോട് ബ്ലോക്ക് ഓഫീസ് | 10km |
| 6 | 19.09.24<br>10.30am-1pm | അരീക്കോട് ബ്ലോക്ക് ഓഫീസ് | 10km |
| 7 | 23.09.24<br>1pm-4pm | മഞ്ചേരി കോടതി | 14km |
| 8 | 15.10.24<br>9.30am-12pm | കൊണ്ടോട്ടി ബ്ലോക്ക് ഓഫീസ് | 11km |
| 9 | 27.11.24<br>9am-10.30am | അരീക്കോട് ബ്ലോക്ക് ഓഫീസ് | 10km |
| 10 | 28.11.2024<br>10.30am-1.30pm | അരീക്കോട് ബ്ലോക്ക് ഓഫീസ് | 10km |

സർക്കാർ ഉത്തരവ് പാലിക്കാതെ യാത്രാബത്ത അനുവദിച്ചിട്ടുള്ള അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/24-06-25) 8km ന് മുകളിലുള്ള മാത്രമെ യാത്രാബത്ത അനുവദിച്ചിട്ടുള്ളൂ എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം സർക്കാർ വാഹനം ദീർഘ ദൂരം ഓടിക്കേണ്ടി വരുമ്പോൾ ഹാൾട്ട് വരുന്ന അവസരങ്ങളിൽ മാത്രമെ യാത്രാബത്ത അനുവദിനീയമായിട്ടുള്ളൂ എന്നതിനാൽ മറുപടി അംഗീകരിക്കാനാവില്ല. ഉത്തരവിന് വിരുദ്ധമായി നൽകിയ യാത്രാബത്ത തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.ഭാവിയിൽ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി മാത്രം യാത്രാ ബത്ത അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ബയോബിന്നുകൾ - സ്റ്റോക്ക്/വിതരണ വിവരം ലഭ്യമല്ല

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | അസി. സെക്രട്ടറി |
| **പദ്ധതിയുടെ പേര്** | സർക്കാർ സ്ഥാപനങ്ങളിലേക്ക് ബയോബിൻ 195/25 |
| **അടങ്കൽ- 1,0,00,000** | 30000-സി.എഫ്.സി<br>70000-കേന്ദ്രാവിഷ്കൃതം |
| ചെലവ് വിവരം | വൗച്ചർ നം 22401097/17.1.25 തുക.70000/-<br>വൗച്ചർ നം 22401509/31.3.25 തുക.28670/- |

**ഇൻവോയ്സ് വിവരം**

| **ഇൻവോയ്സ് നം./തിയതി** | **എണ്ണം** | **തുക** |
|---|---|---|
| 103/19.3.2025 | 23*4290 | 98670 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സർക്കാർ ഓഫീസുകളിൽ ജൈവമാലിന്യം ശാസ്ത്രീയ രീതിയിൽ സംസ്കരിക്കുന്നതിനദ്ദേശിച്ച്

നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ജെം പോർട്ടൽ വഴി കോട്ടയം ഇ നാട് യുവജന കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും 23 ബയോബിന്നുകൾ വാങ്ങിയിയിട്ടുണ്ട്. പ്രൊജക്ട് സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വാങ്ങിയ ബയോബിന്നുകൾ അവയുടെ ഇൻവോയ്സ് വിവരം, സപ്ലയറുടെ വിവരം, വിതരണ-ബാലൻസ് വിവരം , വാറന്റി വിവരം തുടങ്ങിയ വിശദാംശങ്ങൾ സഹിതം സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതായി കാണുന്നില്ല. .

2)ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി (രജിസ്റ്റർവിവരം,പേജ്നം.സഹിതം)സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)23എണ്ണം വാങ്ങിയതിൽ 18എണ്ണം അംഗണവാടികളിൽ വിതരണം ചെയ്തതിന്റെ കൈപറ്റുവിവരം ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിയ്ക്കുന്ന 5 ബയോബിന്നുകളുടെ വിതരണം ചെയ്തതിന്റെയും ആയവ കൈപറ്റിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4)പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 29/26.6.25 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 5 ബയോബിന്നുകളുടെ വിതരണ/കൈപ്പറ്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 21450/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 ഭവനനിർമാണത്തിനായി തുക കൈപറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഭവനനിർമാണം ആരംഭിച്ചില്ല.

ലൈഫ് ഭവനപദ്ധതിയിൻ കീഴിൽ താഴെ പറയുന്ന ഗുണഭോക്താവ് ഭവനനിർമാണത്തിനായി തുക കൈപറ്റിയതിന്റെ വിവരമാണ് താഴെ ചേർത്തിരിക്കുന്നത്.

| ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപറ്റിയ തുക (രജിസ്റ്റർ പ്രകാരം ) | കൈപറ്റിയ തീയതി (രജിസ്റ്റർ പ്രകാരം ) |
|---|---|---|
| സുധw/O ഷാജി മുണ്ടംകോട് കിഴിശ്ശേരി (വാർഡ് 18) | 40000/- | 4.3.2023 |

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ, മേൽ ഗുണഭോക്താവ് ഒന്നാം ഗഡു കൈപ്പറ്റി നാളിതുവരെയായിട്ടും ഭവന നിർമാണം ആരംഭിച്ചിട്ടില്ല.ഈ വസ്തുത ഓഡിറ്റ് എൻക്വയറി 13/24.6.25 മുഖാന്തിരം വി.ഇ ഒ. യുടെ ശ്രദ്ധയിൽ പ്പെടുത്തിയപ്പോൾ, മേൽ ഗുണഭോക്താവ് വീടുനിർമാണത്തിനായി വാങ്ങിയ ഭൂമിയിലേയ്ക്ക് വഴി സൗകര്യമില്ലാത്തതിനാലും പ്രസ്തുത ഭൂമി കാവിനോട്ട ചേർന്നതായതിനാലുമാണ് വീട്ടപണി ആരംഭിക്കാൻ സാധിയ്ക്കാതിരുന്നത് എന്നും അനുയോജ്യമായ ഭൂമി കണ്ടെത്തി ആറുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതാണ് എന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തിയാക്കി ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം കൈപ്പറ്റിയ 40000 രൂപ പലിശയടക്കം ഗുണഭോക്താവിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-25 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക നൽകൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ടിന്റെ പേര് ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (94/25)

അടങ്കൽ : 2804344/- (പ്ലാൻ 1835344, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 726750, ജില്ലാ പഞ്ചായത്ത് വിഹിതം 242250/-)

ചെലവ് :2450900/-

| | |
|---|---|
| 24151052037301107686/30.12.24 | 235000 |
| 24151052037301107681/30.12.24 | 265000 |
| 24151052037301204951/21.1.25 | 238500 |
| 24151052037301204945/21.1.25 | 397500 |
| 24151052037301204950/21.1.25 | 371000 |
| 24151052037301204717/21.1.25 | 72000 |
| 24151052037301204716/7.2.25 | 53000 |
| 24151052037301204712/7.2.25 | 318000 |
| 24151052037301558232/17.3.25 | 260500 |
| 24151052037301558225/17.3.25 | 107275 |
| 241510520373015580448/17.3.25 | 121125 |
| 24151052037301695356/17.3.25 | 12000 |
| | |

| | |
|---|---|
| | 2450900 |

1) മാനസിക വൈകല്യമുള്ളവർക്ക് അർഹമായ തുക മുഴുവനം നൽകിയില്ല.

മേൽ ബില്ലുകൾ പ്രകാരം പഞ്ചായത്തു പരിധിയിലുള്ള മാനസിക വൈകല്യമുള്ള 105 വിദ്യാർഥികൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന 25 വിദ്യാർത്ഥികളുമുൾപ്പെടെ ആകെ 130 വിദ്യാർഥികൾക്കായി ഒരു വർഷത്തേക്ക് അർഹമായ വിദ്യാഭ്യാസ സ്കോളർഷിപ്പ് തുക ഇനത്തിൽ 2450900രൂപ അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ. ഉ(കൈ) നം. 115/2022/ തസ്വഭവ . തിയ്യതി 28.5.22 ക്രമ നമ്പർ 7.1.6 എ, ബി, സി,ഡി എന്നിവ പ്രകാരം ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് നൽകേണ്ട സ്കോളർഷിപ്പിന്റെ വിവരം വ്യക്തമാക്കിയിട്ടുള്ളതാണ്.അതനുസരിച്ച് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് 28500രൂപ സ്കോളർപ്പിനത്തിൽ തുക ലഭിയ്ക്കുന്നതിന് അർഹതയുണ്ട്. എന്നാൽ ഇവർക്ക് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കുറഞ്ഞ തുക- 26000 രൂപ മാത്രമാണ് ഈ വർഷം നൽകിയിട്ടുള്ളത്. തുക വകയിരുത്തിയതിൽ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 70% വും ജില്ലാ പഞ്ചായത്ത് വിഹിതം 50% വും മാത്രമാണ് ചെലവഴിച്ചത്. വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ചിട്ടില്ലാത്തതിനാൽ ഈ ഗുണഭോക്താക്കൾക്ക് അർഹമായ തുക മുഴുവനം നൽകുവാൻ സാധിച്ചിട്ടില്ല. ഈ കുട്ടികളെല്ലാം 28500 രൂപയ്ക്ക് അർഹരായവരാണെന്നും, തുക യഥാസമയം പിൻവലിക്കാൻ സാധിക്കാതിരുന്നതിനാലാണ് അർഹമായ തുക ലഭ്യമാക്കുന്നതിന് സാധിക്കാതെ വന്നതെന്നും കുറവ് വന്ന തുക അടുത്ത സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റ് വെച്ച് നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വാക്കാൽ അറിയിച്ചു. സ്കോളർഷിപ്പ് തുക അതാത് വർഷം തന്നെ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2) സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല

മാനസിക വൈകല്യമുള്ള 105 വിദ്യാർഥികൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന 25 വിദ്യാർത്ഥികളുമുൾപ്പെടെ ആകെ 130 വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് തുക നൽകിയിട്ടുളളത്.പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി ലിസ്റ്റ് തയ്യാറാക്കുന്നുണ്ടെങ്കിലും പഠനം നടത്തുന്ന സ്ഥാപനം, പ്രായം, വൈകല്യത്തിന്റെ സ്വഭാവം തുടങ്ങി അവശ്യമായ വിവരം ഇതിൽ രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. പഞ്ചായത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് ഭരണസമിതി പരിശോധിച്ച് രജിസ്റ്ററായി സൂക്ഷിച്ചിട്ടില്ല. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്.ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 25/25-6-25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിയ്ക്കേണ്ടതും വിവരം പ്രഥമമറുപടിയിൽ തന്നെ ഓഡിറ്റിനെ അറിയിയ്ക്കേണ്ടതുമാണ്.

## 1-26 മാർഗരേഖ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

എസ് സി വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യമാക്കി 2024-25 വർഷത്തിൽ അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്

| പ്രൊജക്ടിന്റെ വിശദാംശങ്ങൾ | അടങ്കൽ | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും 117/25 | 600000/- (തനത്) | 570000 | 120 |
| എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർപ്പ് 382/25 | 260000/- (തനത്,പ്ലാൻ) | 255000 | 14 |

മേൽ പ്രൊജക്ടുകൾ പ്രകാരം 134 ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നു. ത. സ്വ.ഭ. വകുപ്പിന്റെ 28.5.2022ലെ സ.ഉ(കൈ) 115/2022 നം പതിനാലാം പദ്ധതി- സബ്സിഡി മാർഗരേഖ ചട്ടം 7.2.4 പ്രകാരം എസ് സി സ്കോളർപ്പിനർഹമായ എല്ലാ വിദ്യാർത്ഥികളുടെയും കോഴ്സിന്റെ പേര്, വർഷം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി കൃത്യമായി രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അതുപോലെ ഒരു കുട്ടിയ്ക്ക് പഠനകാലയളവിൽ ഒരിയ്ക്കൽ മാത്രമേ ആനുകൂല്യം നൽകാവൂ എന്ന് പ്രസ്തുത മാർഗരേഖ ഖണ്ഡിക 7.2.6 പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട് .എന്നാൽ ആയത് നിരീക്ഷിയ്ക്കുന്നതിന് ഉതകുന്ന രീതിയിൽ പഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആനുകൂല്യം നൽകിയതിൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്നത് പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

സർക്കാർ മാർഗനിർദേശ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിയ്ക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11/24.6.25 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ പരിശോധനയക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 പി.എച്ച്.സിയിലേക്കുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി) നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്നുകൾ

ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ/ചെലവ് | ബിൽ നമ്പർ/തിയ്യതി | പ്രൊഫോമ ഇൻവോയ്സ് നമ്പർ/തിയ്യതി | ലഭ്യമായ മരുന്നുകൾ, തുക | ലഭ്യമാക്കാന വശേഷിക്കുന്ന മരുന്നുകൾ, തുക |
|---|---|---|---|---|---|
| 118/25, എഫ്. എച്.സി യിലേക്ക് മരുന്ന് വാങ്ങൽ | 700000/ 699987/- (വി.ഫണ്ട് ജനറൽ) കുറിപ്പ്:99987 രൂപയുടെ മരുന്ന് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങിയതാണ്. | BRN-24151052037801345894/ 18.02.25-600000 | PRF3504/ 06.02.2025-600000 | 84945 രൂപ ഇൻവോയ്സ് നമ്പർ 137/16.04.25-37533, 831/06.06.25-47412 | 515055/- |
| 114/25 പരിരക്ഷ പദ്ധതി | 892360/892348 (വി.ഫണ്ട് ജനറൽ) | 241510552037801345918/ 18.02.2025, 892348/- | PRF 3505/ 06.02.2025-206985 | 22762/- ഇൻവോയ്സ് നമ്പർ 818/05.06.25-14336, 960/17.06.25-8426 | 184223/- |
| ആകെ | | | | | 699278 രൂപ |

699278 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ- 05/24-25/23.06.2025 ന് മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-28 മെൻസ്ട്രുവൽ കപ്പ് വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരഞ്ഞെടുക്കപ്പെട്ട വനിതകളായ ഗുണഭോക്താക്കൾക്ക് സ്മോൾ, മീഡിയം, ലാർജ്ജ് വലുപ്പത്തിലുള്ള മെനസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ അംഗീകൃത സ്ഥാപനമായ HLL LIFE CARE എന്ന സ്ഥാപനത്തിന്റെ 28.04.2025 ലെ 9423058039 ഇൻവോയിസ് പ്രകാരം 416 മെനസ്ട്രുവൽ കപ്പും (SMALL – 23+MEDIUM 216+ Large – 177), 23.05.2025 ലെ 9423058440 ഇൻവോയിസ് പ്രകാരം 34 മെനസ്ട്രുവൽ കപ്പും (MEDIUM 5+ Large – 29) 134696/- രൂപയ്ക്ക് ലഭ്യമാക്കി ഡി.ഡി.എം.എസിൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. പദ്ധതി വിശദാംശങ്ങളും, അപാകതകളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| പ്രോജക്ടിന്റെ പേര് | മെൻസ്ട്രുവൽ കപ്പ് ഹൈജീനിക്ക് കിറ്റ് നൽകൽ |
| പ്രോജക്ട് നമ്പർ | 196/25 |
| അടങ്കൽ | 200000 (100000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 100000-ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ചെലവ് | 134696 (100000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 34696-ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ബിൽ നം/തീയതി/ തുക | 1. XVFC/24-25/P/51 29.03.2025-100000 /- 2.24151052037801685813/25.03.25 തുക 34696/- |

പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റോ മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തതിന്റെ രേഖകളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(07/24-25/23.06.2025) മെൻസ്ട്രുവൽ കപ്പുകൾ ലഭ്യമായെങ്കിലും സ്റ്റോക്കിലെടുത്ത സമയത്ത് ആവശ്യപ്പെട്ട Small-23 എണ്ണത്തിന് പകരം Medium തന്നെയാണ് നൽകിയതെന്ന് മനസ്സിലായതിനെ തുടർന്ന് HLL നെ അറിയിച്ചിട്ടുണ്ടെന്നും ലഭ്യമായാലുടൻ തന്നെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും മുഴുവൻ മെൻസ്ട്രുവൽ കപ്പും ലഭ്യമാക്കി വിതരണം ചെയ്തതിന്റെ രേഖകളും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 134696/- രൂപ തടസ്സം ചെയ്യുന്നു.

## 1-29 പാലിയേറ്റീവ് -വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ (എഫ്..എച്ച്. സി )നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പരിരക്ഷ പദ്ധതി 114/25 പ്രോജക്റ്റിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി ദിവസം 1200 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 285480രൂപ കരാറുകാരന് (ശ്രീ.റഫീഖ് വളപ്പിൽ ഹൗസ്)നൽകിയിട്ടുണ്ട്. ഒരു കരാർ പ്രകാരം അനുവദിക്കുന്ന തുക ഒറ്റത്തവണ 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ / ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act 1961, Sec. 194C പ്രകാരം, അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./വൗച്ചർ നം/തീയ്യതി | വാഹന വാടക നൽകിയത് | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|
| 2415105203780030 6113/21.06.24 | 48000 | 2855 |
| 2415105203780041 3715/15.07.24 | 22800 | |
| 2415105203780056 8371/22.08.24 | 24000 | |
| 2415105203780070 7748/26.09.24 | 24000 | |
| 2415105203780079 5238/18.10.24 | 24000 | |
| 2415105203780094 1339/25.11.2024 | 25080 | |
| 2415105203780111 4879/01.01.25 | 46800 | |
| 2415105203780141 4985/03.03.25 | 24000 | |
| 2415105203780151 0826/12.03.25 | 22800 | |
| 2415105203780154 5543/15.03.25 | 24000 | |
| ആകെ | 285480 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/24-25/24.06.2025) ടി.ഡി.എസ് പിടിക്കാൻ വിട്ടുപോയിട്ടുണ്ടെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വാഹന വാടകയിൽ നിന്നും ആദായനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ഭൂജല വകുപ്പിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തു. വിനിയോഗ / പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

2024-25 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്റ്റുകൾ പ്രകാരം സി.എഫ്.സി ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഭൂജല വകുപ്പ്, ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് പ്രകാരമുള്ള പ്രവൃത്തികളുടെ പൂർത്തീകരണ വിവരമോ തുകയുടെ വിനിയോഗ വിവരമോ ഭൂജല വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേരും നമ്പരും | അടവാക്കിയ തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | പടിഞ്ഞാറ്റിക്കുന്ന് അങ്കണവാടി കുഴൽ കിണറിന് മോട്ടോർ അനുബന്ധ പ്രവൃത്തികൾ<br>പ്രോജക്റ്റ് നമ്പർ 396/25 | 100000 (CFC) | 22401335/18.3.2025 |
| 2 | ചിറപ്പാലം അങ്കണവാടിക്ക് കുഴൽ കിണർ പ്രോജക്റ്റ് നമ്പർ 336/25 | 56143 (CFC) | 22401334/18.3.2025 |
| | ആകെ | 156143 | |

മേൽ പ്രവൃത്തികളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 156143 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 20/2024-25/25.6.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-31 കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കി- ബഡ്സ് സ്കൂൾ നാളിതു വരെ ആരംഭിച്ചിട്ടില്ല

2024-25 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ബഡ്സ് സ്കൂൾ വൈദ്യുതീകരണത്തിനായി പ്രോജക്റ്റ് നമ്പർ-376/25 പ്രകാരം 5 ലക്ഷം രൂപ വകയിരുത്തുകയും 447914 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (വൗച്ചർ നം. 22400787/22.11.2024). ഗ്രാമ പഞ്ചായത്തിന്റെ

ആസ്തിയിലുള്ള വ്യവസായ കേന്ദ്രത്തിന്റെ സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് നൽകിയ കെട്ടിടത്തിലാണ് വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഇലക്ട്രിക് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത് (ഫാൻ, ലൈറ്റുകൾ തുടങ്ങിയവ). എന്നാൽ നാളിതു വരെ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. കുടുംബശ്രീയിൽ നിന്നും ലഭ്യമായ 12 ലക്ഷം രൂപ ചെലവഴിച്ച് ബഡ്സ് സ്കൂളിന് വേണ്ട ഫർണീച്ചറുകളും വാങ്ങി കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ സർക്കാർ അനുമതി ലഭിച്ചതിന്റെ വിവരമില്ല. ബഡ്സ് സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച് പ്രാഥമിക നടപടികൾ പോലും പൂർത്തീകരിച്ചിട്ടുമില്ല.

ബഡ്സ് സ്കൂൾ സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

1. ബഡ്സ് സ്കൂളിനായി ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള കെട്ടിടം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തിയതിന്റെ വിവരം.

2. ബഡ്സ് സ്കൂൾ കെട്ടിടം നിർമ്മിച്ച സ്ഥലം വ്യവസായ കേന്ദ്രത്തിന്റെ സ്ഥലമാണ്. ആ സ്ഥലത്ത് ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചതിന്റെ വിവരം.

3. അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ബഡ്സ് സ്കൂൾ രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ ആരംഭിച്ചതിന്റെ വിവരം.

4 അനുമതി ലഭ്യമായിട്ടില്ലെങ്കിൽ വൈദ്യുതീകരണ പ്രോജക്ട് നടപ്പാക്കാൻ കാരണം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 26/2024-25/25.6.2025 നുള്ള മറുപടിയിൽ വ്യക്തമായ വിവരം ലഭ്യമാക്കിയിട്ടില്ല. ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ തുടരുന്നുണ്ടെന്ന് വൈസ് പ്രസിഡന്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

ബഡ്സ് സ്കൂൾ സംബന്ധിച്ച് മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ബഡ്സ് സ്കൂൾ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-32 കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ- അപാകത

നിർവ്വഹണം- സെക്രട്ടറി

2024-25 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി വലിയാറക്കുണ്ട്, നടുത്തൊടി, നമ്പ്യാർകുന്ന് കോളനികളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ക്രൂസ് മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. ക്രൂസ് ലഭ്യമാക്കിയ പ്രഫോർമ ഇൻവോയ്സ് നം- 57/22.12.2023 ഭരണ സമിതിയുടെ 4.1.2024 ലെ 13(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 4X75/80W Minimast LED Flood Light With 8 Meter Pole, With Foundation, നികുതിയടക്കം-103987.50 രൂപ എന്ന ഇനമാണ് സ്ഥാപിച്ചത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | ചെലവ് തുക | ബിൽ റഫറൻസ് നം. | ഇൻവോയ്സ് നം. |
|---|---|---|---|
| വലിയാറക്കുണ്ട്, നടുത്തൊടി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ<br>പ്രോജക്ട്- 219/25<br>അടങ്കൽ-250000<br>ചെലവ്- 207975<br>ഫണ്ടിനം- എസ്.സി.പി. | 207975 | 23151052002701566232/ 27.3.2025 | KREWS/ D94/23-24,19.3.2024 |
| നമ്പ്യാർകുന്ന് കോളനിയിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ<br>പ്രോജക്ട്- 338/25<br>അടങ്കൽ-115000<br>ചെലവ്- 103988<br>ഫണ്ടിനം- എസ്.സി.പി. | 103988 | 24151052002700349133/ 1.7.2024 | KREWS/D160/23-24, 27.3.2024 |

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ക്രൂസിന് ടെണ്ടർ കൂടാതെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നിർവ്വഹണ കാലയളവിൽ അക്രഡിറ്റേഷൻ / അനുമതി ഉള്ളതായി രേഖ ലഭ്യമാക്കിയിട്ടില്ല.

2 മിനിമാസ്റ്റ് ലൈറ്റ് ഫിറ്റ് ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി അതത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കിയതായി വിവരമില്ല.
3. പട്ടികജാതി വികസന ഓഫീസറുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 22/2024-25/25.6.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-33 എസ്.എസ്.കെ. വിഹിതം നൽകി- വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

2023-24 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം 9,00,000/- രൂപ ജില്ലാ പ്രോജക്റ്റ് കോ.ഓർഡിനേറ്റർ, സമഗ്രശിക്ഷാ, കേരളക്ക് നൽകിയിട്ടുണ്ട്.

1).പ്രൊജക്റ്റ് നം. 37/25

എസ് എസ് കെ വിഹിതം നൽകൽ -ജനറൽ

വിനിയോഗിച്ച തുക – 500,000 രൂപ (പ്ലാൻ -ജനറൽ )

BRN – 24151052002700846535/29.10.2024 – 5,00,000 രൂപ

2).പ്രൊജക്റ്റ് നം. 205/25

എസ് എസ് കെ വിഹിതം നൽകൽ -എസ്.സി

വിനിയോഗിച്ച തുക – 4,00,000 രൂപ (പ്ലാൻ - എസ്.സി.പി.)

BRN – 24151052002701084927/24.12.2024 – 4,00,000 രൂപ

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രൊജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രൊജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രൊജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശമുള്ളതാണ്.

ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം മേലുത്തരവിന്റെയടിസ്ഥാനത്തിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുണ്ട്.

എന്നാൽ ഫയലിൽ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ / പരിപാടികൾ വ്യക്തമാക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് ഭാരവാഹികളുടെ ഇടപെടലോ പങ്കാളിത്തമോ പ്രോജക്ട് നിർവ്വഹണത്തിൽ ഉണ്ടായതായി വിവരം ലഭ്യമാക്കിയിട്ടുമില്ല. ഇത് സംബന്ധിച്ച് സ്കൂളുകൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കുന്നത് പ്രായോഗികമല്ല എന്നാണ് എസ്.എസ്.എ. ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഗ്രാമ പഞ്ചായത്ത് നൽകിയ തുകയുടെ വിനിയോഗം ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ ഏതെല്ലാം വിധത്തിൽ ഫണ്ട് വിനിയോഗിച്ചുവെന്നുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ.യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നത് വരെ ചെലവ് തുക 900000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/2024-25/25.6.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-34 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു.

**നിർവ്വഹണം- സെക്രട്ടറി**

2024-25 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ട് കൈപറ്റിയ സ്ഥാപനത്തിൽ നിന്നും പ്രോജക്ട് നിർവ്വഹണം പൂർത്തിയാക്കി പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താവിന് ധന സഹായം നൽകിയതായി വിവരം ലഭ്യമാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവ് തുക | ബിൽ റഫറൻസ് നം. /ബിൽ നം. | തുക കൈമാറിയ സ്ഥാപനം. | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കോക്ലിയർ ഇംപ്ലാന്റേഷൻ തുക നൽകൽ<br>പ്രോജക്ട്-457/25<br>അടങ്കൽ-62556 (വികസന ഫണ്ട് ജനറൽ | 50000 | 24151052002701330382/15.2.2025 | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള | ശ്രീ. മുഹമ്മദ് നർജാസ്,S/O. മുഹമ്മദ് അൻവർ സാദത്ത്, ആക്കപ്പറമ്പ്-പി.ഒ, പുളിയക്കോട് എന്ന കുട്ടിക്ക് ധന സഹായം നൽകുന്നതിനാണ് തുക കൈമാറിയിട്ടുള്ളത്. എന്നാൽ ധനസഹായം അനുവദിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരളയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 50000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 23/ 2024-25/25.6.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 17 | 79000 | 79000 | 0 | - |

*01-04-2024 മുതൽ 31-03-2025 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല.

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല.

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല.

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-3 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| | 400000 | ലൈഫ് മിഷൻ - ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ ജനറൽ-113/25 | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | 121125 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ94/25 | 124125 |
| ജില്ലാ പഞ്ചായത്ത് | 34696 | മെൻസ്ട്രൽ ഹൈജീനിക് കിറ്റ് നൽകൽ 196/25 | 34696 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 386816 | ചോലാടിപ്പാറ എസ്സി കോളനി ഭവന സുരക്ഷ 208/25 | 386816 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 459471 | മൊടത്തിക്കുണ്ട് അംഗൻവാടി പുനരുദ്ധാരണവും സാംസ്കാരിക നിലയം നിർമ്മാണവും304/25 | 459471 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 199555 | പുന്നാട്ട് കുന്ന് എസ്സി കോളനി ഭവന സുരക്ഷ 327/25 | 199555 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 99760 | ചോലാടിപ്പാറ എസ്സി കോളനി ഭവന സുരക്ഷ 297/25 | 99760 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 131747 | ലൈഫ് മിഷൻ - ജനറൽ-14/25 | 131747 | σ |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ94/25 | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 228000 | സുസ്ഥിര നെൽകൃഷി വികസനം100/25 | 228000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 730867 | ലൈഫ് മിഷൻ - എസ്സി-112/25 | 730867 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം., തീയ്യതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീ-കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | ചിറപ്പാലം അങ്കണവാടിക്ക് കുഴൽ കിണർ 336/25 | 22401334/18-03-25 | 56143 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 56143 |
| | പടിഞ്ഞാറ്റിക്കുന്ന് അങ്കണവാടി കുഴൽകിണറിന് മോട്ടോർ അനുബന്ധ പ്രവൃത്തികൾ(396/25) | 22401335/18-03-25 | 100000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 100000 |
| കെ എസ് ഇ ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും പുതിയ പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കലും | 50796-22400580/08-10-24<br>23242-22401060/10-01-25<br>41577-22401465/27-03-25 | 115615 | 115615 | 115615 | 0 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി – HUDCO | . | 16102888 | 750236 | 1368189 | – | 15484935 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (₹) | 20000 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 0 |
| ആകെ (₹) | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം (₹) | 20000 |

### വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നം./ തീയ്യതി |
|---|---|---|
| PMSA MEMORIAL MALAPPURAM DISTRICT CO-OPERATIVE HOSPITAL | 20000 | 1043/04-01-22 |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2022-23 | 1-25 | 10042 | റഷീദ് യു | 1242200232/22-07-24 |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 11 | 2004-05 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പൂർത്തീകരണ വിവരമില്ല | നടപടി തുടർന്നു വരുന്നു |

| | | | | |
|---|---|---|---|---|
| 2000-01 | 20 | 2004-05 | ഫർണിച്ചറും ടി.വി യും വാങ്ങി സാക്ഷരതാ പദ്ധതി അവസാനിച്ചു | നടപടി തുടർന്നു വരുന്നു |
| 2010-11 | 3-9 | 2013-14 | ലഘു അവലോകനം | നടപടി തുടർന്നു വരുന്നു |
| 2013-14 2014-15 | 2-1 | 2016-17 | തൊഴിൽ നികുതി ഈടാക്കിയില്ല. | നടപടി തുടർന്നു വരുന്നു. |
| 2013-14 2014-15 | 2-2 | 2016-17 | അൺ എയിഡഡ് സ്കൂളുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല. | നടപടി തുടർന്നു വരുന്നു. |
| 2017-18 | 2-5 | 2018-19 | നിയമപരമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ചുമത്തിയില്ല. | നടപടി തുടർന്നു വരുന്നു. |

## 4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം.

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.**

ഇല്ല

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.**

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2008-09 | 3-2 | ശ്രീ.പി.പി. രാജൻ, സെക്രട്ടറി | LF.772/ Spl.Cell/ CS/D1/13 | 18750 | 0 | 0 | ഇല്ല | 0 | 0 | 0 | 18750 |
| 2 | 2011-12 2012-13 | 3-1 3-3 | ശ്രീമതി. കെ.പി. മിനി മോൾ.എൽ, എൽ.വി.ഇ.ഒ | LF.5817/ Spl.Cell/ CSC/ D1/15 Dt. 26.09.2017 | 1210000 | 0 | 0 | ഇല്ല | 0 | 0 | 0 | 1210000 |
| 3 | 2011-12 2012-13 | 3-4 | ഡോ.കെ.എസ്. കണ്ണൻ, വെറ്റിനറി സർജൻ | LF.5817/ Spl.Cell/ CSC/ D1/15 Dt. 26.09.2017 | 10000 | 0 | 0 | ഇല്ല | 0 | 0 | 0 | 10000 |

## 4-11 ഓഡിറ്റ് പ്രത്യവലോകനം .

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,85,49,308 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,76,05,210 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1710909 |
|---|---|

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 4,48,620 | ശ്രീമതി.ഇസ്ന കരിമ്പൻ ,കൃഷി ഓഫീസർ |
| 1-23 | 21,450 | ശ്രീ.പ്രമോദ് ശേഖർ ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 1,34,696 | ഡോ. സുബൈർ, മെഡിക്കൽ ഓഫീസർ, എഫ്. എച്ച്.സി |
| 1-30 | 1,56,143 | ശ്രീമതി. ഷംലി ഐ പി ,സെക്രട്ടറി |
| 1-33 | 9,00,000 | ശ്രീമതി. ഷംലി ഐ പി ,സെക്രട്ടറി |
| 1-34 | 50,000 | ശ്രീമതി. ഷംലി ഐ പി ,സെക്രട്ടറി |
| ആകെ | 17,10,909 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.എം.8/1203/03 തി:23.03.2004 | 9 |
| 2002-03 | കെ.എസ്.എ.എം.പി.എം.22/981/2023(7) തി:08.08.23 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം.22/411/2019(1) തി:09.12.22 | 1 |
| 2007-08 | കെ.എസ്.എ.എം.പി.എം.22/561/2023(3) തി:25.05.23 | 4 |
| 2008-09 | കെ.എസ്.എ.എം.പി.എം.22/561/2023(4) തി:25.05.23 | 6 |
| 2009-10 | കെ.എസ്.എ.എം.പി.എം.22/1845/22 തി:09.12.22 | 13 |
| 2010-11 | കെ.എസ്.എ.എം.പി.എം.22/561/23(5)/2022(1) തി:25-05-2023 | 4 |
| 2011-12, 12-13 | കെ.എസ്.എ.എം.പി.എം.22/561/2023(6) തി:25.05.23 | 6 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.22/561/2023(7) തി:25.05.23 | 4 |
| 2015-16 | കെ.എസ്.എ.എം.പി.എം.22/561/2023(8) തി:25.05.23 | 6 |
| 2016-17 | കെ.എസ്.എ.എം.പി.എം.22/561/2023(9) തി:03.07.23 | 5 |
| 2017-18 | കെ.എസ്.എ.എം.പി.എം.22/41/2022(6) തി:29.06.2022 | 8 |
| 2018-19 | കെ.എസ്.എ.എം.പി.എം.22/41/2022(7) തി:29.06.2022 | 18 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.22/2047/2021 തി:3-01-2022 | 17 |
| 2020-21 | കെ.എസ്.എ.എം.പി.എം.22/561/2023(4) തി:08.05.23 | 14 |
| 2021-22 | കെ.എസ്.എ.എം.പി.എം.22/562/2023 തി:11.04.23 | 14 |

| | | |
|---|---|---|
| 2022-23 | കെ.എസ്.എ.എം.പി.എം.22/439/2024 തി:24.12.2024 | 16 |
| 2023-24 | കെ.എസ്.എ.എം.പി.എം.22/1799/2024(1) തി.01.01.2025 | 13 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 27-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kuzhimanna Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kuzhimanna Grama Panchayat as on 31-03-2025

Date: 23/07/2025 Deputy Director

Kerala State Audit Department

## Audit Report appended to the Audit Certificate of Kuzhimanna Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1)Asset Register is not uptodated

2)The details of calculation of Depreciation of Fixed Asset as per Schedule B 11 of Balance Sheet was not made available

for verification (Kerala Panchayath Raj( Accounts )Rules 58-4(g)

3)Net increase/decrease in cash flow does not match with the net cash generated by operating, investing and financial
activities and closing balance of cash and cash equivalents .

4)The details of Contractors Security Deposit of Rs. 15,600 is not produced for verification

5)Total Expenditure under Development Fund (General) as per A F S is not tally with the same as per Grant Statement and Sulekha Software.

6)Total Expenditure under Finance Commission Grant as per A F S is not tally with the same as per Grant Statement and Sulekha Software.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്